കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാര്യം പഞ്ചായത്തുകൾ നഗരസഭകളായി പരിവർത്തനപ്പെടുത്തിയതിന്റെയും നഗരസഭകളോട് കൂട്ടിച്ചേർത്തതിന്റെയും അടിസ്ഥാനത്തിൽ നിലവിൽ നഗരസഭകളിൽ തുടർന്നുവരുന്ന സാനിട്ടറി ഇൻസ്പെക്ടർമാരെ മുനിസിപ്പൽ കോമൺ സർവ്വീസിൽ ഓപ്ഷനു വിധേയമായി അബ്സോർബ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.1240/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 25/04/2015.

പരാമർശം :
1. 02/04/2011 ലെ ജി.ഒ.(എം സ്)നം 85/2011/തസ്വഭവ
2. നഗരകാര്യ ഡയറക്ടറുടെ 31/01/2013, 20/07/2013, 27/12/2013, 15/03/2014 ,23/06/2014 എന്നീ തീയതികളിലെ ഇ5-20249/12 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളായി പരിവർത്തനപ്പെടുത്തിയതിന്റെയും കോർപ്പറേഷനുകളോട് കൂട്ടിച്ചേർത്തതിന്റെയും ഫലമായി ടി സ്ഥാപനങ്ങളിൽ 31/03/2011 ന് ശേഷം തുടരുന്ന ജീവനക്കാർ ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ ടി സ്ഥാപനങ്ങളിൽ തന്നെ തുടരാൻ പരാമർശം(1) ആയി വായിച്ച സർക്കാർ ഉത്തരവു പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.പഞ്ചായത്തുകൾ നഗരസഭകളായി പരിവർത്തനപ്പെടുത്തിയതിന്റെയും നഗരസഭകളോട് കൂട്ടിച്ചേർത്തതിന്റെയും അടിസ്ഥാനത്തിൽ നിലവിൽ നഗരസഭകളിൽ തുടർന്നുവരുന്ന സാനിട്ടറി ഇൻസ്പെക്ടർമാരെ മുൻസിപ്പൽ കോമൺ സർവ്വീസിൽ സാനിട്ടറി ഇൻസ്പെക്ടർ തസ്തിക നിലവിലില്ലാത്ത സാഹചര്യത്തിൽ പഞ്ചായത്ത് സർവ്വീസിലെ കാലം നിലനിർത്തി മുൻസിപ്പൽ കോമൺ സർവ്വീസിൽ ഓപ്ഷനു വിധേയമായി അബ്സോർബ് ചെയ്യാവുന്നതിന് പൊതു ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം(2) പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പഞ്ചായത്തുകൾ നഗരസഭകളായി പരിവർത്തനപ്പെടുത്തിയതിന്റെയും നഗരസഭകളോട് കൂട്ടിച്ചേർത്തതിന്റെയും അടിസ്ഥാനത്തിൽ നിലവിൽ നഗരസഭകളിൽ തുടർന്നുവരുന്ന സാനിട്ടറി ഇൻസ്പെക്ടർമാരെ മുനിസിപ്പൽ കോമൺ സർവ്വീസിൽ പഞ്ചായത്ത് സർവ്വീസിലെ കാലം നിലനിർത്തി ഓപ്ഷനു വിധേയമായി മുനിസിപ്പൽ കോമൺ സർവ്വീസിൽ സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

സോണിയ വാഷിംഗ്ടൺ

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.